അടുത്ത 80 യൂ.ന് 130 പൈ./യൂണിറ്റ്

അടുത്ത 60 യൂ.ന് 160 പൈ./യൂണിറ്റ്

അടുത്ത 100 യൂ.ന് 210 പൈ./യൂണിറ്റ്

ബാക്കി 200 യൂ.ന് 265 പൈ./യൂണിറ്റ്

600 യൂണിറ്റ് മുകളിൽ

ആദ്യം 80 യൂ. ന് 70 പൈ./യൂണിറ്റ്

അടുത്ത 80 യൂ.ന് 110 പൈ./യൂണിറ്റ്

അടുത്ത 80 യൂ.ന് 130 പൈ./യൂണിറ്റ്

അടുത്ത 60 യൂ.ന് 160 പൈ./യൂണിറ്റ്

അടുത്ത 100 യൂ.ന് 210 പൈ./യൂണിറ്റ്

ബാക്കി 200 യൂ.ന് 265 പൈ./യൂണിറ്റ്

600 ന് മുകളിൽ 1000 യൂ.വരെ - 345 പൈ./യൂണിറ്റ്

1000 യൂ. മുകളിൽ - 355 പൈ./യൂണിറ്റ്

(ജെ&കെ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിന് മുമ്പും അതിനുശേഷവും ഗാർഹിക ഉപഭോക്താക്കൾക്ക് ഫിക്സഡ് ചാർജ്ജ് ബാധകമായിരുന്നില്ല.

പള്ളിവാസൽ, പന്നിയാർ, ചെങ്കുളം ജലവൈദ്യുത പദ്ധതി

126 (899) ശ്രീ. ടി. എം. ജേക്കബ് :
ശ്രീമതി. കെ. ആർ. ഗൗരിയമ്മ :
പ്രൊഫ. എ. വി. താമരാക്ഷൻ :
ശ്രീ. ബാബു ദിവാകരൻ :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം എന്നീ ജലവൈദ്യുത പദ്ധതികളുടെ നവീകരണ ജോലികളെ സംബന്ധിച്ച് ധാരണാപത്രം എന്നാണ് ഒപ്പ് വച്ചതെന്ന് വെളിപ്പെടുത്തുമോ ; ഇതു സംബന്ധിച്ച് ധാരണാ പത്രത്തിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കാമോ ;

(ബി) പ്രസ്തുത ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ കാനഡയിലെ എസ്.എൻ.സി ലാവലിൻ കമ്പനിയുമായി കരാറുകൾ ഉണ്ടാക്കിയത് ഏതെല്ലാം തീയതികളിലാണ് ;

(സി). പ്രസ്തുത കരാറുകളുടെ കോപ്പി മേശപ്പുറത്തു വയ്ക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത കമ്പനിയുമായി ഏതെല്ലാം കരാറുകളാണ് ഈ പ്രോജക്റ്റുകളിലെ വർക്കുകളെ സംബന്ധിച്ച് ഉണ്ടാക്കിയിട്ടുള്ളത് ; അവയുടെ കോപ്പി മേശപ്പുറത്ത് വയ്ക്കാമോ ;

(ഇ) 7-7-1997-ൽ എസ്.എൻ.സി. ലാവലിൻ കമ്പനിയുമായി ഉണ്ടാക്കിയ കരാറിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കാമോ; പ്രസ്തുത വർക്കുകളെ സംബന്ധിച്ച് ഇ. ബാലാനന്ദൻ കമ്മിറ്റി നൽകിയ ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(എഫ്) എസ്.എൻ.സി. ലാവലിൻ കമ്പനിയുമായി അവസാന കരാർ ഉണ്ടാക്കിയതുമൂലം സംസ്ഥാന സർക്കാരിന് നഷ്ടം സംഭവിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 10-8-1995-ൽ ഒപ്പുവച്ച എം.ഒ.യൂ. ഔദ്യോഗിക രഹസ്യസ്വഭാവം ഉള്ളതാകയാൽ ധാരണാപത്രത്തിന്റെ കോപ്പി മേശപ്പുറത്ത് വെയ്ക്കാൻ നിർവ്വാഹമില്ലെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്. ഇതിന്റെ നിയമവശം പരിശോധിച്ച് അന്തിമ തീരുമാനം അറിയിക്കുന്നതാണ്.

(ബി) ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ മുൻ സർക്കാരിന്റെ കാലത്ത് 24-2-96-ലാണ് എസ്.എൻ.സി. ലാവ്‌ലിനുമായി കരാറുണ്ടാക്കിയത്.

(സി) ഔദ്യോഗിക രഹസ്യസ്വഭാവമുള്ളതാകയാൽ നിർവ്വാഹമില്ല.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എസ്.എൻ.സി. ലാവ്‌ലിനുമായി കരാർ ഒപ്പിട്ടിട്ടില്ല.

(ഇ) 7-7-97-ൽ എസ്.എൻ.സി. ലാവ്‌ലിനുമായി ഇതു സംബന്ധിച്ച് കരാർ ഉണ്ടാക്കിയിട്ടില്ല. ബാലാനന്ദൻകമ്മറ്റി സർക്കാരിന് റിപ്പോർട്ടു സമർപ്പിച്ചത്. 2-2-1997-ൽ ആണ്. പള്ളിവാസൽ ശെങ്കുളം പന്നിയാർ പദ്ധതികളുടെ നവീകരണം സംബന്ധിച്ച കരാർ ബാലാനന്ദൻ കമ്മിറ്റി റിപ്പോർട്ട് ലഭിക്കുന്നതിനു മുമ്പ് ഒപ്പു വയ്ക്കപ്പെട്ടവയാണ്. ഊർജ്ജ രംഗത്തെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങളെപ്പറ്റി പഠിക്കുന്നതിനായി നിയോഗിക്കപ്പെട്ട പ്രസ്തുത റിപ്പോർട്ട് ബോർഡിന്റെ പരിശോധനയിലിരിക്കുന്നതേയുള്ളൂ.

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ 24-2-96-ലെ കരാർ തുകയിൽ നിന്നും കൺസൾട്ടൻസി ചാർജ്ജിനത്തിലും എക്യുപ്മെന്റ് ഇനത്തിലുമായി 12.5 കോടി രൂപ കുറവു വരുത്തുകയാണുണ്ടാക്കിയിട്ടുള്ളത്. ഈ കുറവ് വിദേശോപകരണങ്ങൾ വാങ്ങുന്നതിലെ അളവു കുറച്ചഇനത്തിലും കൺസൾട്ടൻസി ചാർജ്ജ് കുറച്ച ഇനത്തിലുമാണ് ലഭ്യമാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly